# പഠനഷീറ്റ് 2

# ദൈവത്തിന്റെ പദ്ധതി എന്ത്?

## I. ദൈവം അബ്രഹാമിനു വെളിപ്പെടുത്തി കൊടുത്ത പദ്ധതി എന്തായിരുന്നു?

1. അവൻ അബ്രഹാമിനെ ഒരു വലിയ ——— ആക്കും എന്നു വാഗ്ദാനം ചെയ്തു. ഉല്പ. 12:1, 2
2. ഭൂമിയിലെ സകലവംശങ്ങളും അവൻ മുഖാന്തരം ———. ഉല്പ. 12:3
3. സന്തതിയായ, ——— മൂലം അനുഗ്രഹം വന്നു. ഉല്പ. 22:18; ഗലാ. 3:16

## II. എങ്ങനെ വലിയ ദേശമായി വളർന്നു?

1. യാക്കൊബിന്റെ പേർ, ——— എന്നാക്കി ദൈവം വാഗ്ദാനം ചെയ്തു (ഉല്പ. 32:28), ——— ദേശത്ത് അവർ വലിയ ജാതിയാകും. ഉല്പ. 46:2, 3
2. ——— പേരിൽ നിന്നും (പുറ. 1:5) മിസ്രയിമിലേക്കു പോയവർ വന്നവരിൽ യുദ്ധം ചെയ്യുവാനുള്ള പുരുഷന്മാർക്കു (സംഖ്യാ. 1:45, 46), പുറമെ ——— യിസ്രയേൽ വിട്ടപ്പോൾ ലേവ്യരിൽ ——— പേരും ഉണ്ടായിരുന്നു. സംഖ്യാ. 3:39

## III. യിസ്രായേൽ ദേശത്തിന്റെ നിയമം എന്തായിരുന്നു?

1. അവരുടെ നിയമം കല്പിച്ചതു ——— (ആവർ. 4:2, 5) അവർക്കു ——— ആയിട്ടായിരുന്നു. ആവർ. 4:7, 8
2. ആ നിയമം അവർ ആചരിക്കേണ്ടതു അവർ കൈവശമാക്കേണ്ട ——— ആയിരുന്നു. ആവർ. 4:5
3. ദൈവം അവരുമായി പത്തുകല്പനകൾ അടങ്ങുന്ന ഒരു ——— ചെയ്തിരുന്നു. ആവർ. 4:13
4. അവർ ആ നിയമം പാലിച്ചാൽ, അവർ ——— ഇരിക്കയും ———യും, ——— അവർ ദീർഘായുസ്സോടെ അനുഭവിക്കയും ചെയ്യും. ആവർ. 5:33
5. അവർ നിയമം ലംഘിച്ചാൽ (ലേവ്യാ. 26:14, 15), ദൈവം ——— നിന്നു ഛേദിച്ചു കളയുകയും അവരുടെ ദേശം ശൂന്യമാകുകയും ചെയ്യും. ലേവ്യാ. 26:33


## IV. ഒന്നാമത്തെ നിയമത്തിന്റെ പ്രശ്നം എന്തായിരുന്നു? എബ്രാ. 8:6, 7

1. ന്യായപ്രമാണത്തിൻ കീഴിലായിരുന്നവർ ———· ഗലാ. 3:10
2. അതു ഒരു ——— ഉം ——— ശുശ്രൂഷ ആയിരുന്നു. 2 കൊരി. 3:6, 7, 9

3. ആ നിയമം ലംഘിച്ചവരെ ———— കൂടാതെ മരിച്ചിരുന്നു. എബ്രാ. 10:28

## V. കരുണ നല്കുവാൻ ദൈവം എന്തു ചെയ്തു?

1. ദൈവം ഒരു ————— വാഗ്ദാനം ചെയ്തു, അതു ഒന്നാമത്തേതുപോലെ —————. യിരെ. 31:31, 32
2. രണ്ടാമത്തെ നിയമത്തിൽ ദൈവം പറഞ്ഞു താൻ —————. എബ്രാ. 8:12
3. യേശു മരിച്ചതു ————— നിയമത്തിൻ കീഴുള്ളവരുടെ പാപങ്ങൾക്കുവേണ്ടിയും കൂടെയാണ്. എബ്രാ. 9:15
4. യേശുവിന്റെ —————— പുതിയ നിയമം ഫലപ്രദമാക്കി. എബ്രാ. 9:16, 17
5. അവൻ രണ്ടാമത്തെ ————— ഒന്നാമത്തേതു —————. എബ്രാ. 10:9
6. രണ്ടാമത്തേതു ശ്രേഷ്ഠവും ————— വാഗ്ദാനങ്ങളുമുണ്ട്. എബ്രാ. 8:6; 1 പത്രൊ. 1:3, 4




പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.

**പഠനഷീറ്റ് അവതരണം:**

**2**

# “ദൈവത്തിന്റെ പദ്ധതി എന്ത്?”

“ദൈവത്തിന്റെ പദ്ധതി എന്ത്?” എന്ന പഠനഷീറ്റ് ആരംഭ പഠനമായി ഉപയോഗിക്കാം, അല്ലെങ്കിൽ, താത്വികമായി പഠനഷീറ്റ് പിൻപറ്റുക, “പാപത്തിന്റെയും മരണത്തിന്റെയും ഉറവിടം എന്ത്?”

**ഉദ്ദേശം**

ആരംഭം മുതൽ ദൈവത്തിനു ഒരു പദ്ധതിയുണ്ടായിരുന്നു എന്നു കാണിക്കുകയാണ് “ദൈവത്തിന്റെ പദ്ധതി” എന്ന പാഠത്തിന്റെ ഉദ്ദേശം. ഈ പാഠത്തിൽ, പഴയ നിയമകാലത്തു ജീവിച്ച ഒരു ദേശത്തിലെ ജനത്തിന്, യിസ്രായേൽ ജനത്തിന് വേണ്ടതായ നിയമങ്ങളും വഴികാട്ടിയും നല്കുന്നു എന്നതു അദ്ധ്യാപകനു കാണിച്ചു കൊടുക്കാം, പുതിയ നിയമം ക്രിസ്ത്യാനികൾക്കുള്ള വഴികാട്ടിയാണ്.

**പാഠം ചുരുക്കത്തിൽ**

ദൈവം അബ്രഹാമിനു തന്റെ പദ്ധതി വെളിപ്പെടുത്തി കൊടുത്തത് വലിയ ജാതിയാക്കി അനുഗ്രഹിക്കുകയും അവന്റെ സന്തതിയായി വരുന്ന ക്രിസ്തു മുഖാന്തരം, സകല ദേശങ്ങളെയും അനുഗ്രഹിക്കുമെന്നും പറഞ്ഞിരുന്നു. ആ ദേശം മിസ്രയിമിൽ വളർന്നു. ദൈവം സിനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം കൊടുത്തു. ആ ന്യായപ്രമാണം അവരിൽ *അനുഗ്രഹമല്ല, ശാപമത്രേ* വരുവാനിടയാക്കിയത്. ദൈവം വാഗ്ദാനം ചെയ്തതുപോലെ അനുഗ്രഹം വന്നതു യേശു മൂലം ആയിരുന്നു.

**മുഖവുര**

[“പാപത്തിന്റേയും മരണത്തിന്റേയും ഉറവിടം” എന്ന പഠന ഷീറ്റ് ഒന്നാമത്തെ പാഠമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അദ്ധ്യാപകൻ അതു ചുരുക്കമായി ആവർത്തിക്കാം.] ആദാമിൽ കൂടെയും ഹവ്വയിൽ കൂടെയും ആണ് പാപം ഈ ലോകത്തിലേക്കുവന്നതു. ഇതു സംഭവിക്കുമെന്നു ദൈവത്തിനറിയാമായിരുന്നു, അതുകൊണ്ടു ദൈവം പാപമോചനത്തിനു ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പാഠം ദൈവപദ്ധതിയെ അവതരിപ്പിക്കും.

## I. പദ്ധതി വെളിപ്പെടുത്തി

1. ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ, നാം ബൈബിളിൽ ആദ്യം തൊട്ടു തുടങ്ങണം, വളരെ ആരംഭത്തിൽ നിന്നു തന്നെ തുടങ്ങണം. ദൈവം തന്റെ പദ്ധതി അബ്രാമിനു വെളിപ്പെടുത്തി അവന്റെ പേർ പിന്നീട് അബ്രഹാം എന്നുമാറ്റി. (ഉല്പ. 17:5; "അബ്രാം" അർത്ഥം "ഉയർന്ന പിതാവു," "അബ്രഹാം" അർത്ഥം "ബഹുജാതികൾക്കു പിതാവു.")

ദൈവ വാഗ്ദാനത്തിൽ *രണ്ടു* മുഖ്യ വശങ്ങൾ അടങ്ങിയിട്ടുണ്ട്. തന്റെ പിതൃദേശത്തെ വിട്ടു അബ്രഹാം പോയാൽ എന്തു ചെയ്യുമെന്നായിരുന്നു ദൈവ വാഗ്ദാനം? [ഉല്പ. 12:1, 2 വായിക്കുക.] അബ്രഹാമിനെ വലിയ *എന്താക്കു*മെന്നാണ് ദൈവം വാഗ്ദാനം ചെയ്തത്? [വിട്ട വരികളിൽ "ജാതി" എന്നെഴുതുക.]

2. ദൈവം മറ്റൊരു വലിയ വാഗ്ദാനം കൂടെ ചെയ്തിരുന്നു. അതെന്തായിരുന്നു? [ഉല്പ. 12:3 വായിക്കുക.] അബ്രഹാം മുഖാന്തരം ഭൂമിയിലെ സകല വംശങ്ങളും *എന്തായി* തീരും? [വിട്ടവരികളിൽ "അനുഗ്രഹിക്കപ്പെടും" എന്നെഴുതുക.]

[പഠനഷീറ്റിന്റെ *പുറകിൽ* "അബ്രഹാം" എന്നും പിന്നെ 1. "ദേശം" എന്നും 2. "അനുഗ്രഹിക്കുക" എന്നുമെഴുതുക. നോക്കുക പേജ് 140.]

3. അബ്രഹാമിനാൽ *അല്ല* അനുഗ്രഹം വന്നത്, അവൻ *മുഖാന്തരം* ആണ് അനുഗ്രഹം നല്കിയത്. ഇതു എങ്ങനെ നേടിയെടുത്തു? [ഉല്പ. 22:18 ഉം ഗലാ. 3:16 ഉം നോക്കുക.] അബ്രഹാമിന്റെ ഒരു സന്തതി മുഖാന്തരം (പിൻഗാമിയിൽ) അനുഗ്രഹം നല്കേണ്ടിയിരുന്നത്. *ആരായിരുന്നു* ആ പിൻഗാമി, സന്തതി? [വിട്ടവരികളിൽ "ക്രിസ്തു" എന്നു പൂരിപ്പിക്കുക.] യേശുക്രിസ്തു നല്കേണ്ടിയിരുന്ന അനുഗ്രഹം യിസ്രായേൽ ദേശത്തിനു മാത്രമായിരുന്നില്ല, ഭൂമിയിലെ *സകല* വംശങ്ങൾക്കും ആയിരുന്നു. [പഠനഷീറ്റിന്റെ *പുറകുവശത്തു* "അനുഗ്രഹിക്കുക" എന്നതു മുതൽ പേപ്പറിന്റെ മദ്ധ്യഭാഗം വരെ ഒരു ലൈൻ വരയ്ക്കുക, അതിനുശേഷം അവിടെ "സന്തതി" അല്ലെങ്കിൽ "പിൻഗാമി" എന്നെഴുതുക. പിന്നെ വലതുവശത്തേക്കു ലൈനും, ഒരു കുരിശും വരയ്ക്കുക. നോക്കുക പേജ് 140.]

അബ്രഹാമിനു നല്കിയ ഈ രണ്ടു അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ ബൈബിളിനെ *രണ്ടായി* തിരിച്ചിരിക്കുന്നു. പഴയ നിയമത്തിൽ അബ്രഹാമിൽ കൂടെ വളർന്നുവന്ന ഒരു *ദേശത്തെ* പ്രതിപാദിക്കുന്നു എങ്കിൽ, പുതിയ നിയമത്തിൽ ക്രിസ്തു മുഖാന്തരം സാധ്യമാകുന്ന *അനുഗ്രഹങ്ങളെ*യാണ് പ്രതിപാദിക്കുന്നത്. ഒരു *ദേശത്തെ*ക്കുറിച്ചു ഒരാൾക്കു വായിക്കണം എന്നുണ്ടെങ്കിൽ, അയാൾ പഴയ നിയമം വായിക്കണം. ഒരാൾക്കു *അനുഗ്രഹത്തെ*ക്കുറിച്ചു വായിക്കണം എന്നുണ്ടെങ്കിൽ അയാൾ പുതിയ നിയമം വായിക്കണം.

## II. ഒരു ദേശത്തിന്റെ വളർച്ച

1. ഉല്പത്തി പുസ്തകത്തിലെ ശേഷം ഭാഗം വിവരിക്കുന്നതു ഒരു വലിയ ദേശമാകുന്ന വളർച്ചാ സംഭവങ്ങൾ ആണ്. യാക്കോബു കാരണം

ആ വലിയ ദേശത്തിന്റെ വളർച്ചക്കു ഇടയായതുകൊണ്ടു, ദൈവം അവന്റെ പേർ മാറ്റി. [ഉല്പ. 32:28 വായിക്കുക.] യാക്കൊബിൽ നിന്നു ദൈവം അവന്റെ പേർ *എന്താക്കി* മാറ്റി? [വിട്ടവരികളിൽ "യിസ്രായേൽ," എന്നെഴുതുക അർത്ഥം "ദൈവത്തോടു മല്ലടിച്ചവൻ."] യാക്കൊബിന്റെ പിൻഗാമികൾ ആയിരുന്നു *യിസ്രായേൽ മക്കൾ*. ഇതു മനസ്സിൽ വെച്ചു കൊണ്ടു ബൈബിൾ വായിക്കുക. യിസ്രായേൽ മക്കളും ആ ദേശവും യാക്കൊബിന്റെ പിൻഗാമികൾ ആയിരുന്നു. [ഷീറ്റിന്റെ *പുറകിൽ* താഴെയായി "അബ്രഹാം" "യിസഹാക്ക്," എന്നീ വാക്കുകൾ എഴുതി യിസഹാക്ക് അബ്രഹാമിന്റെ മകനായിരുന്നു എന്നു വിവരിക്കുക. അതിനു താഴെ "യാക്കൊബ് (യിസ്രായേൽ)," എന്നെഴുതി, അവൻ യിസഹാക്കിന്റെ മകൻ ആയിരുന്നു എന്നു വിശദമാക്കുക. "12" എന്നു യാക്കൊബിന്റെ പേരിനു താഴെ എഴുതുകയും, യാക്കൊബിനു പന്ത്രണ്ടു മക്കൾ ഉണ്ടായിരുന്നു എന്നും, അവർ ആയിരുന്നു യിസ്രായേലിലെ പന്ത്രണ്ടു ഗോത്രക്കാർ എന്നും വിവരിക്കുക. നോക്കുക പേജ് 140.]

[ഈ സമയത്ത്, യാക്കൊബിന്റെ മക്കൾ അവരുടെ സഹോദരനായിരുന്ന യോസേഫിനെ വില്ക്കുകയും അവൻ മിസ്രയിമിൽ എത്തുകയും ചെയ്യുന്നതു അദ്ധ്യാപകൻ വിവരിക്കുക. അവൻ പൊത്തിഫേറിനെ സേവിച്ചുകൊണ്ടിരുന്നപ്പോൾ വ്യാജമായി കുറ്റം ആരോപിക്കപ്പെട്ടു തടവിലാക്കപ്പെടുകയും, തടവിൽ വെച്ചു അപ്പക്കാരന്റെയും പാനപാത്രവാഹകന്റെയും സ്വപ്നം വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്യുന്നു. പിന്നീടു ഫറവോൻ ഒരു സ്വപ്നം കണ്ടു വിഷമിച്ചിരുന്നപ്പോൾ, അപ്പക്കാരൻ യോസേഫിന്റെ കാര്യം പറയുകയും, യോസേഫിനെ വരുത്തി സ്വപ്നം വ്യാഖ്യാനിക്കുകയും ചെയ്തു. യോസേഫ് സ്വപ്നം വ്യാഖ്യാനിച്ചതു കൊണ്ടുവരുവാനിരിക്കുന്ന ഏഴു വർഷത്തെ ക്ഷാമം നേരിടുവാൻ ധാന്യം ശേഖരിക്കുവാൻ ഫറവോൻ യോസേഫിനെ നിയമിച്ചു.

ക്ഷാമം വന്നപ്പോൾ, യാക്കൊബ് യോസേഫിന്റെ സഹോദരന്മാരെ ധാന്യത്തിനായി മിസ്രയിമിലേക്ക് അയച്ചു. രണ്ടാം പ്രാവശ്യം അവർ ധാന്യത്തിനു മിസ്രയിമിൽ ചെന്നപ്പോൾ, താൻ അവരുടെ സഹോദരൻ എന്ന് അവൻ അവരോടു വെളിപ്പെടുത്തി. അവരുടെ അപ്പനെ മിസ്രയിമിലേക്കു കൊണ്ടുവരുവാൻ യോസേഫ് ആവശ്യപ്പെട്ടു. യാക്കൊബ് ഇതു കേട്ടപ്പോൾ, മിസ്രയിമിലേക്കു പോകണോ വേണ്ടയോ എന്ന തീരുമാനം യാക്കൊബിനു എടുക്കേണ്ടിയിരുന്നു. അവൻ അങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവം അവനു പ്രത്യക്ഷനായി.]

ദൈവം യാക്കൊബിനോടു എന്തു പറഞ്ഞു? [ഉല്പ. 46:2, 3 വായിക്കുക.] *ഏതു* രാജ്യത്തിലാണ് യാക്കൊബിന്റെ സന്തതികൾ വളർന്നു ഒരു വലിയ ജാതിയായിത്തീരുന്നത്? [വിട്ടവരികളിൽ "മിസ്രയിം" എന്നെഴുതുക. *പുറകിൽ* ഒരു ചതുരം വരച്ചു, അതിൽ "മിസ്രയിം" എന്നെഴുതുക. നോക്കുക പേജ് 140.]

2. യാക്കൊബ് തന്റെ മക്കളെയും അവരുടെ മക്കളെയും എല്ലാം കൊണ്ടു മിസ്രയിമിലേക്കു പോയോ? അവനോടുകൂടെ എത്രപേർ പോയി? [പുറ. 1:5 വായിക്കുക.] യാക്കൊബിനോടുകൂടി *എത്ര പേർ* മിസ്രയിമിലേക്കു വന്നു? [വിട്ടവരികളിൽ "70" എന്നെഴുതുക.]

ഇവർ വേഗത്തിൽ പെരുകി. [പുറ. 1:7–9 വായിക്കുക.] മോശെ അവനെ മിസ്രയിമിൽ നിന്നു വിടുവിച്ചുകൊണ്ടു വന്നശേഷം, മോശെയും അഹരോനും അവരുടെ കണക്കെടുപ്പു നടത്തുവാൻ കല്പിച്ചു. ആരെല്ലാം കണക്കെടുപ്പിൽ ഉൾപ്പെട്ടിരുന്നു? [സംഖ്യാ. 1:1–3 വായിക്കുക.] അവരുടെ സൈന്യത്തിൽ എത്ര പുരുഷന്മാരുണ്ടായിരുന്നു? [സംഖ്യാ. 1:45, 46 വായിക്കുക.] സൈന്യത്തിൽ *എത്ര പേരു*ണ്ടായിരുന്നു? [വിട്ടവരികളിൽ "603,550" എന്നെഴുതുക.] ഈ സംഖ്യയിൽ ഉൾപ്പെടാതിരുന്നവർ ആരെല്ലാം, എന്തുകൊണ്ട്? [സംഖ്യാ. 1:47–50.] ലേവ്യരെ സൈന്യത്തിന്റെ സംഖ്യയിൽ ഉൾപ്പെടുത്തിയില്ല കാരണം അവർ യിസ്രായേൽ ദേശത്തിന്റെ മതപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരുന്നു.

ലേവ്യരിൽ ആരെ, *എത്രപേരെ* എണ്ണി? [സംഖ്യാ. 3:39 വായിക്കുക.] [വിട്ടവരിയിൽ "22,000" എന്നെഴുതുക. *പുറകിൽ* "603,550" ഉം "22,000" മിസ്രയിമിൽ നിന്നു പുറപ്പെട്ടുപോയി. നോക്കുക പേജ് 140.] യിസ്രായേലിൽ ലേവ്യാഗോത്രത്തിൽ യുദ്ധത്തിനായി 603,550 പേരും അതിൽ 22,000 പുരുഷന്മാരും ഉണ്ടായിരുന്നു. അത്രയും വലിയ സൈന്യവും അനേകം പുരോഹിതന്മാരും ഉള്ളതുകൊണ്ട് വിവിധ കണക്കുകൾ സൂചിപ്പിക്കുന്നതു അന്നു മൂന്നിനും അഞ്ചിനും ഇടയ്ക്കു ദശലക്ഷം ആളുകൾ ഉണ്ടായിരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്.

കനാൻ ദേശത്തു ഒരു ചെറിയ സംഖ്യയിൽ തുടങ്ങി, യിസ്രായേൽ ജനം ദൈവം വാഗ്ദാനം ചെയ്തതനുസരിച്ചു പെരുകി. [നിങ്ങളുടെ കയ്യിൽ ഭൂപടം ഉണ്ടെങ്കിൽ, അബ്രഹാമിന്റെ പാലസ്തീനിലേക്കും അവിടെ നിന്നു അവന്റെ സന്തതികൾ മിസ്രയിമിലേക്കും പിന്നെ സിനായ് പർവ്വതത്തിലേക്കും യാത്ര ചെയ്തതു കാണിച്ചു കൊടുക്കുക.]

### III. ദേശത്തിനുവേണ്ടി ന്യായപ്രമാണം

1. യിസ്രായേലിന്റെ (യാക്കോബ്) സന്തതികൾ മിസ്രയിമിലേക്കു വരുന്നതിനുമുൻപു, അവർ വീട്ടിലെ ചെറിയ കൂട്ടം ആളുകൾ ആയിരുന്നു, അവർക്കു ഒരു ദേശീയ നിയമം ആവശ്യമില്ലായിരുന്നു. അവർ മിസ്രയിമിലായിരുന്നപ്പോൾ, അവരെ മിസ്രയിം നിയമം അടിച്ചേല്പിച്ചിരുന്നു. ഇപ്പോൾ അവർ സ്വതന്ത്രമായ ഒരു ദേശീയ ജനതയായി വളർന്നു, അതുകൊണ്ടു അവർക്കു ഒരു ദേശീയ നിയമം ആവശ്യമാണ്.

ആരാണ് അവർക്കു നിയമം കൊടുത്തത്? [ആവർ. 4:2, 5 വായിക്കുക.] *ആരുടെ* നിയമം ആണ് മോശെ അവർക്കു നല്കിയത്? [വിട്ടവരിയിൽ "കർത്താവു" എന്നെഴുതുക.] ഇതു സർവ്വ ലോകത്തിനുമുള്ള ഒരു നിയമം ആയിരുന്നില്ല, എന്നാൽ അവർക്കായിരുന്നു. [ആവർ. 4:7, 8; കൂടാതെ സങ്കീർ. 147:19, 20.] അതു അവർക്കു *എന്തു* നിയമം ആയിട്ടാണ് കൊടുത്തത്? [വിട്ടവരിയിൽ "ദേശം" എന്നെഴുതുക.] ദൈവം കൊടുത്ത ആ ദേശീയ നിയമം മതപരവും ധാർമ്മികവുമായിരുന്നു.

2. ഈ നിയമം എവിടെ ആയിരുന്നു ആചരിക്കേണ്ടിയിരുന്നത്? [ആവർ. 4:5 വായിക്കുക.] അവർ *എവിടെ* അതു ആചരിക്കണമായിരുന്നു? [വിട്ടവരിയിൽ "ദേശത്ത്" എന്നെഴുതുക.] ആ നിയമത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നതു അതു ഭൂവാസികൾക്കല്ല, മറിച്ചു യിസ്രായേൽ ദേശത്തു

താമസിക്കുന്നവർക്കായിരുന്നു എന്നാണ്.

യിസ്രായേൽ ദേശത്തിനു ആയിരക്കണക്കിനു മൈലുകൾ ദൂരെ താമസിച്ചിരുന്ന ആളുകൾക്കു ഇതു വരുത്തിയ പ്രശ്നങ്ങൾ നോക്കുക. എല്ലാ പുരുഷപ്രജകളും വർഷത്തിൽ മൂന്നുപ്രാവശ്യം യെരുശലേമിൽ, ദൈവം തിരഞ്ഞെടുത്ത സ്ഥലത്തുവരണം (ആവർ. 16:16). ദൈവം ആവശ്യപ്പെട്ടതും അവരുടെ വഴിപാടുകളും ദശാംശവും കൊണ്ടുവരേണ്ടതുമായ സ്ഥലം അതായിരുന്നു (ആവർ. 12:5–11; 14:22–25). നിയമപരമായ തീരുമാനങ്ങളും അവിടെയായിരുന്നു എടുത്തിരുന്നതു (ആവർ. 17:8, 9). കുല ചെയ്തവൻ യിസ്രായേലിലെ ആറു പട്ടണങ്ങളിൽ ഒന്നിലേക്കു ഓടിപോകണം (സംഖ്യാ. 35:6). യിസ്രായേൽ ജനം അവരുടെ ദേശത്തു അനുസരിക്കേണ്ട നിയമമായിരുന്നു.

3. അവരുടെ ചട്ടങ്ങളും വിധികളും കൂടാതെ, ന്യായപ്രമാണത്തിൽ മറ്റൊരു വശം കൂടെ ഉണ്ടായിരുന്നു. ഇതിൽ എന്താണ് ഉൾപ്പെട്ടിരുന്നത്? [ആവർ. 4:13, 14 വായിക്കുക.] ദൈവം അവരുമായി *എന്താണ്* ഉണ്ടാക്കിയത്? [വിട്ടവരിയിൽ "ഉടമ്പടി" എന്നെഴുതുക. *പുറകിൽ* ഒരു പർവ്വതം വരച്ച്, അതിൽ "സിനായ് പർവ്വതം," എന്നെഴുതുകയും അതിന്റെ താഴെ "ഉടമ്പടി" എന്നും "പത്തുകല്പനകൾ" എന്നും എഴുതുക. നോക്കുക പേജ് 140.]

ഒരു ഉടമ്പടി എന്താണ്? ഒരു ഔപചാരിക സമ്മതം, ഒരു ഉറപ്പ്, ഒരു കരാർ ആണ്. ദൈവം യിസ്രായേലുമായി ഒരു സമ്മത പത്രം ഉണ്ടാക്കി, അവരുമായി ഒരു കരാറുണ്ടാക്കി. ആ ഉടമ്പടിയിൽ യിസ്രായേൽ പാലിക്കേണ്ടതായിരുന്നു പത്തു കല്പനകൾ.

4. ആ ഉടമ്പടിയുടെ ഭാഗമായി യിസ്രായേൽ പത്തുകല്പനകൾ അനുസരിച്ചാൽ, ദൈവം എന്തു ചെയ്യാമെന്നാണ് സമ്മതിച്ചത്? [ആവർ. 5:33 വായിക്കുക.] പത്തുകല്പനകൾ കൊടുത്തുകൊണ്ടു ദൈവം ഇതാണ് വാഗ്ദാനം ചെയ്തതു [ആവർ. 5:1–21]. അവർ അതു പ്രമാണിച്ചാൽ, ദൈവം എന്തുചെയ്യുമെന്നാണ് പറഞ്ഞത്? അവർ *എന്തു* ചെയ്യും? [വിട്ടവരികളിലായി "ജീവിക്കും," "നന്നായി," "ദേശത്ത്" എന്നെഴുതുക.] ദൈവം യിസ്രായേലിനു എന്തു ചെയ്യുവാൻ ബാധ്യസ്ഥനായി എന്നു ശ്രദ്ധിക്കുക. അവൻ അവരെ *ഭൗതികമായി അനുഗ്രഹിക്കും* എന്നാണ് വാഗ്ദാനം ചെയ്തതു.

5. അവർ ഉടമ്പടി ലംഘിച്ചാൽ, ദൈവം അവരോടു എന്തു ചെയ്യും? [ലേവ്യാ. 26:14, 15, 33 വായിക്കുക.] അവരുടെ ദേശം എടുക്കുകയും, പിന്നെ *എന്തു* സംഭവിക്കും? [വിട്ട വരിയിൽ "ചിതറിക്കും" എന്നെഴുതുക.] ഇന്നു യെഹൂദന്മാർ ചിതറിപോയിരിക്കുന്നതു എന്തുകൊണ്ടു? ദൈവം അവരോടു ചെയ്ത ഉടമ്പടി അവർ ലംഘിച്ചതുകൊണ്ടാണ് അവർ ചിതറിപ്പോയിരിക്കുന്നത്. അതിന്റെ ഭാഗമായി, അവർ എവിടെ ചിതറിപോയിരിക്കുന്നുവോ അവർക്കിടയിൽ അവർ ഒരു "പഴഞ്ചൊല്ലായി" (ആവർ. 28:37).

## IV. പ്രശ്നം

1. യിസ്രായേലിനു ദൈവം കൊടുത്ത നിയമം നല്ല നിലവാരമുള്ള

തായിരുന്നു, എന്നാൽ അതിൽ ദൈവം മനപ്പൂർവ്വം ഒരു പ്രശ്നം വെച്ചിരുന്നു (എബ്രാ. 8:6, 7). ഒരു കുറവു ദൈവം വെച്ചിരുന്നു.

ന്യായപ്രമാണത്തിന്റെ കുഴപ്പം എന്തായിരുന്നു? അതു നല്കപ്പെട്ടവരിൽ എന്തുണ്ടാക്കി? [ഗലാ. 3:10 വായിക്കുക.] അതിൻകീഴിലായിരുന്നവർ *എന്തിലായി*? [വിട്ടവരിയിൽ "ശാപം" എന്നെഴുതുക.] അവർ എന്തുകൊണ്ടു ശാപത്തിൻ കീഴിലായി? അതിലെ എല്ലാ ഭാഗങ്ങളും ഒരു തെറ്റും കൂടാതെ അവർ പ്രമാണിക്കണമായിരുന്നു (ഗലാ. 3:10). ആരും അങ്ങനെ പ്രമാണിച്ചില്ല.

2. അക്കാരണത്താൽ, അതെന്തുവ്യവസ്ഥയായി കണക്കാക്കപ്പെട്ടു? [2 കൊരി. 3:6, 7, 9 വായിക്കുക.] അതു *ഏതു* വിധത്തിലുള്ള ശുശ്രൂഷ ആയിരുന്നു? [വിട്ടവരികളിൽ "മരണത്തിന്റേയും" "ശിക്ഷാവിധിയുടേയും" എന്നെഴുതുക.] അതു മരണശുശ്രൂഷ ആകുവാൻ കാരണം പ്രമാണം ലംഘിക്കുന്നവർക്കുള്ള ശിക്ഷ മരണമാണ്. ന്യായപ്രമാണം എതിർത്തു ചെയ്യാതിരുന്ന ആർക്കും പാപമോചനം കൊടുത്തിരുന്നില്ല (സംഖ്യാ. 15:27–31).

3. ന്യായപ്രമാണത്തെ എതിർത്തു ലംഘിക്കുന്നർക്ക് എന്തു സംഭവിക്കും? [എബ്രാ. 10:28 വായിക്കുക.] *എന്തു*കൂടാതെ അവനെ മരണത്തിനു വിളിക്കും? [വിട്ടവരിയിൽ "കരുണ" എന്നെഴുതുക.] [ഷീറ്റിന്റെ *പുറകിൽ* എഴുതുക (നോക്കുക പേജ് 140.) "1. ശാപം"; "2. മരണം"; "3. ശിക്ഷാവിധി"; "4. കരുണ ഇല്ല"; "5. കൃപ ഇല്ല (ഗലാ. 5:4)."] അബ്രഹാമിന്റെ *സന്തതിയിൽ*കൂടെ ദൈവം സകലവംശങ്ങളെയും *അനുഗ്ര*ഹിക്കും എന്നായിരുന്നു വാഗ്ദാനം; എന്നാൽ ന്യായപ്രമാണം *ശാപം* കൊണ്ടുവന്നു, അതുകൊണ്ടു ന്യായപ്രമാണം മുഖാന്തരമല്ല ദൈവം സകല വംശങ്ങളെയും *അനുഗ്രഹിക്കുന്നതു* എന്നു വ്യക്തം.

ന്യായപ്രമാണത്തിൻകീഴുള്ളവർ അനുഗ്രഹിക്കപ്പെടുന്നതിനു പകരം ശപിക്കപ്പെടുകയാണെങ്കിൽ, പിന്നെ ന്യായപ്രമാണത്തിന്റെ ഉദ്ദേശം എന്തായിരുന്നു? ഒരു ശിശുപാലകൻ ആയി നമ്മെ ക്രിസ്തുവിലേക്കു കൊണ്ടുവരുവാൻ, അകൃത്യങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതത്രേ (ഗലാ. 3:19, 24).

നാം ആരാണ് എന്നതിനാൽ, നമ്മെ ദൈവം സ്വീകരിക്കണമെന്നു മനുഷ്യരായ നാം കരുതുന്നു. ഒരർത്ഥത്തിൽ ന്യായപ്രമാണം മനുഷ്യന്റെ ഗുണത്തിനുവേണ്ടിയുള്ള ഒരു പരീക്ഷണമായി തനിക്കു സ്വയമായി രക്ഷിക്കപ്പെടുവാൻ കഴിയുകയില്ലെന്നും, സഹായം ആവശ്യമാണെന്നും കാണിക്കുവാനാണ്.

ഇതു കാനഡയിൽ ഓറഞ്ചു കൃഷി സാധ്യമല്ല എന്നു ഫ്ളോറിഡക്കാരനെ ബോധ്യപ്പെടുത്തുന്നതുമായി താരതമ്യം ചെയ്യാം. ഇതിനു അയാൾ കാനഡയിലെ അല്പമെങ്കിലും ചൂടുള്ള ഏറ്റവും തെക്കുഭാഗത്തു ഓറഞ്ചു കൃഷിക്കായി തിരഞ്ഞെടുക്കണം. മഞ്ഞുവീഴ്ച്ചയും, അതിശൈത്യവും തുടങ്ങുന്നതിനുമുൻപു, നിരവധി വർഷങ്ങൾ കൃഷി ചെയ്തു പരാജയപ്പെട്ടു, അവസാനം ആ കൃഷിക്കാരൻ കാനഡയിൽ ഓറഞ്ചു കൃഷി സാധ്യമല്ല എന്നു തിരിച്ചറിഞ്ഞു.

അതുപോലെ ദൈവം വിശ്വസ്തനായ അബ്രഹാമിനെ തിരഞ്ഞെടു

ത്തു, അവന്റെ പിൻഗാമികളെ ദുഷ്ട ദേശങ്ങളിൽ നിന്നു വേർപെടുത്തി, പിന്നെ ഒരു തികഞ്ഞ നിലവാരവും കൊടുത്തു (റോമ. 7:12). തങ്ങളുടെ സ്വന്ത പ്രവൃത്തികളാൽ ഏതെങ്കിലും ജനത്തിനു നീതിമാന്മാരാകുവാൻ കഴിയുമായിരുന്നെങ്കിൽ, അതു യിസ്രായേൽ ദേശമായിരുന്നു, അവർക്ക് അതിനുള്ള അവസരം ലഭിച്ചു, എന്നാൽ അവർ എല്ലാം പാപം ചെയ്തു (റോമ. 3:9, 10). എല്ലാ കാലത്തും, മനുഷ്യനു സ്വയമായി അതു സാധ്യമല്ല എന്നു ദൈവം, തെളിയിച്ചു, പിന്നെ മനുഷ്യരുടെ പാപങ്ങൾ മോചിക്കുവാൻ തന്റെ പുത്രൻ മരിക്കേണ്ടതു ആവശ്യമാണെന്നു ദൈവം അറിഞ്ഞിരുന്നു. നമ്മുടെ അകൃത്യങ്ങൾ മറെക്കുവാൻ തക്ക കരുണയുള്ള ഒരു രക്ഷകൻ ആവശ്യമാണെന്നു കാണിക്കുന്നതായിരുന്നു ന്യായപ്രമാണം.

## V. ദൈവത്തിന്റെ പദ്ധതി

1. അബ്രഹാമിന്റെ സന്തതി മുഖാന്തരം ലോകത്തെ അനുഗ്രഹിക്കുവാനാണ് ദൈവം പദ്ധതി തയ്യാറാക്കിയത്. ന്യായപ്രമാണം ദൈവപദ്ധതിയെ വൃഥാവാക്കിയില്ല (ഗലാ. 3:17). ന്യായപ്രമാണത്തിനു അനുഗ്രഹം നല്കുവാൻ കഴിയുമായിരുന്നെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യമില്ലായിരുന്നു (ഗലാ. 2:21). ഈ അനുഗ്രഹം ന്യായപ്രമാണത്താലോ ഉടമ്പടിയാലോ നല്കുവാനായിരുന്നില്ല ദൈവത്തിന്റെ പദ്ധതി.

ദൈവം എന്തു ചെയ്യുവാനാണ് പദ്ധതിയിട്ടത്? [യിരെ. 31:31, 32 വായിക്കുക.] താൻ *എന്തു* ചെയ്യുമെന്നായിരുന്നു ദൈവത്തിന്റെ വാഗ്ദാനം? അതു യിസ്രായേലുമായി ദൈവം ചെയ്ത നിയമം പോലെ *ആണോ?* [വിട്ടവരികളിൽ "പുതിയ" എന്നും "അല്ല" എന്നും എഴുതുക.]

2. പുതിയ നിയമം എന്താണ് നല്കുമെന്നു പറഞ്ഞത്? [എബ്രാ. 8:12 വായിക്കുക.] പുതിയ നിയമത്തിൽ അവനെ കുറിച്ച് ദൈവം *എന്ത്* പറഞ്ഞു? ["കരുണയുള്ളവൻ" എന്നു വിട്ടവരിയിൽ എഴുതുക.]

3. ആദ്യനിയമം കരുണയോടുകൂടിയതല്ലാതിരുന്നതുകൊണ്ടു, കരുണ ലഭ്യമായിരുന്നില്ല, ഇതിനർത്ഥം അവർക്ക് കരുണ ലഭ്യമായിരുന്നില്ല എന്നാണ്. അബ്രഹാമിനു ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ അവർക്കും ലഭ്യമായിരുന്നു, പക്ഷെ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലാ*യിരുന്നില്ല,* പിന്നെ എന്തടിസ്ഥാനത്തിലായിരുന്നു? [എബ്രാ. 9:15 വായിക്കുക.] യേശുവിന്റെ മരണം *ഏതു* നിയമത്തിൻ കീഴിലുള്ളവർക്കുവേണ്ടി ആയിരുന്നു? [വിട്ടവരിയിൽ "ആദ്യത്തെ" എന്നെഴുതുക.] ഒരാൾ ദൈവത്തിലേക്കു വരുന്നു എങ്കിൽ അതു യേശു മുഖാന്തരം മാത്രമാണ് (യോഹന്നാൻ 14:6). ഇതായിരുന്നു എപ്പോഴും ദൈവത്തിന്റെ പദ്ധതിയിൽ. യേശുവിന്റെ രക്തത്താൽ *മാത്രമെ* ലോകത്തിന്റെ പാപങ്ങൾക്കു മോചനമുള്ളൂ. ന്യായപ്രമാണത്തിൽ പാപമോചനവും കരുണയും ലഭിച്ചിരുന്നില്ല. അതു അതിൻകീഴുള്ളവരെ ശാപത്തിൽ മാത്രമാക്കി.

4. *പുതിയതു* എപ്പോഴാണ് പ്രാബല്യത്തിൽ വന്നത്? [എബ്രാ. 9:16, 17 വായിക്കുക.] *എപ്പോഴാണ്* അതു ഫലത്തിൽ ആയത്? [വിട്ടവരിയിൽ "മരണത്താൽ" എന്നെഴുതുക.] ഒരു വിൽപത്രം തയ്യാറാക്കിയ ആൾ ജീവ

നോടെ ഇരിക്കും കാലം വിൽ നിർജീവമാണ്. അതു യേശുക്രിസ്തുവിന്റെ പുതിയ നിയമത്തിലും വാസ്തവമാണ്. യേശുവിന്റെ മരണമാണ് അതിനെ ഫലവത്താക്കിയത്.

5. പഴയ നിയമത്തിനു പകരം ആണോ പുതിയ നിയമം നല്കിയത്? [എബ്രാ. 10:9 വായിക്കുക.] രണ്ടാമത്തേതിനെ *എന്തു*ചെയ്യുവാൻ അവൻ ഒന്നാമത്തേതിനെ *എന്തു*ചെയ്തു? [വിട്ടവരികളിൽ "നീക്കുകയും" "സ്ഥാപിക്കുകയും" എന്നെഴുതുക.] തന്റെ മരണത്താൽ രണ്ടാമത്തേതിനെ പ്രാബല്യത്തിലാക്കുവാൻ, അവൻ ഒന്നാമത്തേതിനെ നീക്കിക്കളഞ്ഞു. [*പുറകിൽ* "ആദ്യത്തേത് (പഴയ) നിയമം" "രണ്ടാമത്തേത് (പുതിയ) നിയമം." നോക്കുക പേജ് 140.]

6. ഇതിൽ ഏതാണ് ശ്രേഷ്ഠമായതു എന്തുകൊണ്ട്? [എബ്രാ. 8:6 വായിക്കുക.] രണ്ടാമത്തേതിലെ വാഗ്ദാനങ്ങൾ ഒന്നാമത്തേതിലേയുമായി എങ്ങനെ താരതമ്യം ചെയ്യാം? ഈ വാഗ്ദാനങ്ങൾ *എങ്ങനെയുള്ളത്?* [വിട്ടവരിയിൽ "ശ്രേഷ്ഠം" എന്നെഴുതുക.] അവർ ആദ്യനിയമം അനുസരിച്ചാൽ അവർക്ക് എന്തായിരുന്നു വാഗ്ദാനം ചെയ്തതു? സമൃദ്ധിയോടുകൂടിയ ദേശം അവർക്കു വാഗ്ദാനം ചെയ്തിരുന്നില്ലേ (ആവർ. 5:33)? ശ്രേഷ്ഠമായതിൽ നമ്മോടു എന്താണ് വാഗ്ദാനം ചെയ്തിരിക്കുന്നത്? [1 പത്രൊ. 1:3, 4 വായിക്കുക.] യിസ്രായേലിലെ ദീർഘായുസ്സും സമൃദ്ധിയും ഉള്ള അനുഗ്രഹത്തേക്കാൾ എത്രയോ ശ്രേഷ്ഠമായ അനുഗ്രഹമല്ലേ "സ്വർഗ്ഗം"?

പഴയനിയമത്തേക്കാൾ ശ്രേഷ്ഠമായ ഗുണങ്ങൾ പുതിയ നിയമത്തിൽ എന്താണുള്ളത്? [*പുറകിൽ* പഴയനിയമം നല്കുന്നതിനെതിരെ എഴുതുക: "1. അനുഗ്രഹം (ഗലാ. 3:14)"; "2. ജീവൻ (ഗലാ. 3:21)"; "3. നീതി (ഗലാ. 2:21)"; "4. കരുണ (എബ്രാ. 8:12)"; "5. കൃപ (യോഹന്നാൻ 1:17)." നോക്കുക പേജ് 140.]

ഈ രണ്ടു നിയമങ്ങളിൽ ഏതു നിയമത്തിൻകീഴിലാണ് നിങ്ങൾ ജീവിക്കുവാൻ ആഗ്രഹിക്കുന്നത്? എന്തുകൊണ്ട്? പുതിയനിയമത്തിൻ കീഴിൽ നമുക്കു ശ്രേഷ്ഠമായ വാഗ്ദാനങ്ങളും ഗുണങ്ങളും ഉണ്ട്. തീർച്ചയായും നാം പഴയ നിയമത്തിലേക്കു പോകുവാൻ ആഗ്രഹിക്കുന്നില്ല.

[ഈ സമയത്തു അദ്ധ്യാപകൻ ധാർമ്മികമായ തത്വങ്ങൾ നിത്യമാണ് എന്നും, പുതിയ നിയമം അതു എടുത്തുകളയു*ന്നില്ല* എന്നും വിശദമാക്കണം, ഉദാഹരണമായി, കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, ഭോഷ്ക്ക് പറയരുത് തുടങ്ങിയവ, പുതിയ നിയമത്തിൽ ഈ തത്വവും *ഉൾപ്പെടുത്തിയിരിക്കുന്നു*, എങ്ങനെയായാലും, ശബ്ബത്ത് ഉൾപ്പെടുത്തി*യിട്ടില്ല.* ശബ്ബത്ത് യിസ്രായേലിനു കൊടുത്തത് പ്രത്യേക വിശ്രമദിവസവും, ഓർമ്മക്കായിട്ടും കൊടുത്തു, അന്നു അവർ ഒരു വേലയും ചെയ്യാതെ, അവർ മിസ്രയിമിൽ അടിമകളായിരുന്നു എന്നു ഓർമ്മിക്കണമായിരുന്നു (ആവർ. 5:15). അതു സൃഷ്ടിയുടെ ഓർമ്മക്കായുള്ള ദിവസം ആയിരു*ന്നില്ല.* ദൈവം ഏഴാം നാളിൽ വിശ്രമിച്ചതുകൊണ്ടും യിസ്രായേൽ മിസ്രയിമിൽ ആയിരുന്നപ്പോൾ വിശ്രമമില്ലാതെ വേല ചെയ്തിരുന്നു, അതിൽ നിന്നു ദൈവം അവരെ വിടുവിച്ചതു ഓർമ്മിക്കേണ്ടതിനും ആയിരുന്നു (പുറ. 20:11). ശബ്ബത്തിനു ശേഷമുള്ള, ആഴ്ച്ചവട്ടത്തിന്റെ

ഒന്നാം നാൾ ആണ് (മത്താ. 28:1; മർക്കൊ. 16:1; ലൂക്കൊ. 24:1), ആണ് ക്രിസ്ത്യാനികൾ കൂടി വന്നിരുന്നത് (പ്രവൃത്തികൾ 20:7) ഇപ്പോഴും അത് അങ്ങനെതന്നെ. ക്രിസ്ത്യാനികൾക്ക് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ യേശു ഉയിർത്തെഴുന്നേറ്റതുകൊണ്ടും അവരെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും വിടുവിച്ചതുകൊണ്ടും അവർക്ക് അതു ഓർമ്മ ദിവസമാണ്. യിസ്രായേലിനു *ഭൗതിക* വിശ്രമത്തിനു ശബ്ബത്തു കൊടുത്തിരുന്നു എങ്കിൽ ക്രിസ്ത്യാനികൾക്കു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ *ആത്മിയ* വിശ്രമ ദിനമാണ്.]

ഈ പാഠത്തിൽ നാം കണ്ടതു ദൈവത്തിന്റെ പദ്ധതി ന്യായപ്രമാണത്താൽ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്നതല്ല, പിന്നെയോ, അവന്റെ പദ്ധതി യേശു ക്രൂശിൽ മരിക്കുന്നതു മുഖാന്തരം മനുഷ്യരെ രക്ഷിക്കുക എന്നതാണ്.

**ചുരുക്കം**

ഈ പഠനഷീറ്റിൽ, ദൈവ പദ്ധതി പാപങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുക എന്നതാണ് എന്നു നാം പരിശോധിച്ചു. ഇതാണ് ബൈബിളിന്റെ വിഷയം.

ഈ പാഠം ചുരുക്കുവാനുള്ള ഒരു നല്ല വഴി ഇതിലെ മുഖ്യ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുകയാണ്.

I. *ദൈവം അബ്രഹാമിനു വെളിപ്പെടുത്തി കൊടുത്ത പദ്ധതി എന്തായിരുന്നു?* ദൈവം അബ്രഹാമിനെ ഒരു വലിയ ജാതി ആക്കുമെന്നും അവന്റെ സന്തതി മുഖാന്തരം സകല വംശങ്ങളെയും അനുഗ്രഹിക്കുമെന്നും അബ്രഹാമിനോടു പറഞ്ഞിരുന്നു (പഴയ നിയമ വിഷയം), അതായതു., യേശു മുഖാന്തരം (പുതിയ നിയമ വിഷയം).

II. *എങ്ങനെ ഒരു വലിയ ജാതിയായി വളർന്നു?* അബ്രഹാമിന്റെ പിൻഗാമികളായിരുന്ന ഇസഹാക്കും, യാക്കൊബും മിസ്രയിമിൽ നിന്നു വന്ന 70 പേരിൽ നിന്നു വളർന്നു വലിയ ഒരു ദേശമായി തീർന്നു, മോശെയുടെയും അഹരോന്റെയും നേതൃത്വത്തിൽ അവർ മിസ്രയിമിൽ നിന്നു പുറപ്പെട്ടുവന്നപ്പോൾ പുരോഹിത ഗോത്രമായിരുന്ന ലേവ്യരിൽ പുരുഷന്മാർ 22,000 വും, അവരുടെ സൈന്യത്തിൽ 603,550 പേരും ഉൾപ്പെടെ ഏതാണ്ട് മൂന്നിനും അഞ്ചിനും ഇടയ്ക്ക് ദശലക്ഷം ആളുകളായിതീർന്നിരുന്നു.

III. *യിസ്രായേൽ ദേശത്തിന്റെ നിയമം എന്തായിരുന്നു?* ദൈവം യിസ്രായേൽ മക്കൾക്ക് സിനായ് പർവ്വതത്തിൽ വെച്ചു മോശെ മുഖാന്തരം അവർ യിസ്രായേൽ ദേശത്തു അനുസരിക്കേണ്ടതിനു ന്യായപ്രമാണം കൊടുത്തു. ഉടമ്പടി (ദൈവം അവരോടു ചെയ്തതു) യും അവരുടെ ന്യായപ്രമാണത്തിന്റെ ഭാഗമായിരുന്നു (റോമ. 13:8–10). അവർ ദൈവത്തോടുള്ള കരാർ പാലിച്ചാൽ, അവർ ദേശത്തു ദീർഘായുസ്സോടെ സമൃദ്ധി അനുഭവിക്കും, പക്ഷെ അവർ നിയമം ലംഘിച്ചാൽ, അവരെ ദേശത്തുനിന്നു നീക്കം ചെയ്യുകയും ദേശങ്ങൾക്കിടയിൽ ചിതറിക്കപ്പെടുകയും ചെയ്യും.

IV. *ഒന്നാമത്തെ നിയമത്തിന്റെ പ്രശ്നം എന്തായിരുന്നു?* ന്യായപ്ര

മാണത്തിൻ കീഴായിരുന്നവർക്കു അതു പാലിക്കുവാൻ കഴിയാതിരുന്നതുകൊണ്ടു, അവരെ അതു ശാപത്തിൻ കീഴാക്കി, ശിക്ഷാവിധിയിലും, മരണത്തിനിരയാക്കുകയും ചെയ്തു. ഇതു വാസ്തവമായിത്തീരുവാനുള്ള കാരണം അവർക്കു കരുണ ലഭിച്ചിരുന്നില്ല.

V. *കരുണ കാണിപ്പാനായി ദൈവം എന്തു ചെയ്തു?* കരുണ ലഭിക്കുന്ന, ഒരു പുതിയ ഏർപ്പാട്, ഒരു പുതിയ നിയമം ദൈവം കൊണ്ടുവന്നു. യേശുവിന്റെ മരണത്താൽ, ഒന്നാമത്തെ നിയമത്തിലെ ശാപം നീക്കി, ഒന്നാമത്തേതിനെ നീക്കി, പുതിയതിനെ സ്ഥാപിച്ചു. *ഒന്നാമത്തേത്*തിനു പകരം *രണ്ടാമത്തെ*, ശ്രേഷ്ഠമായ വാഗ്ദാനങ്ങളിന്മേലുള്ള, ഒരു ശ്രേഷ്ഠമായ നിയമം (ഭൂമിയിലെ ദീർഘായുസിനും സമൃദ്ധിക്കും പകരം സ്വർഗ്ഗത്തിൽ നിത്യജീവൻ) നല്കി.

ഇന്നു പുതിയ നിയമ നിബന്ധനകളാണ് നാം അനുസരിക്കേണ്ടത്. നാം *ഒന്നാമത്തേതി*ലേക്കു തിരികെ പോകേണ്ട ആവശ്യമില്ല, കാരണം നാം ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചാൽ ശിക്ഷാവിധിയും ശാപവുമാണുള്ളത്. മറിച്ച് നാം *രണ്ടാമത്തേതിൽ* ജീവിക്കേണ്ടവരാണ്, കാരണം അതിൽ കൃപയും, കരുണയും, സ്വർഗ്ഗത്തിൽ നിത്യജീവൻ എന്ന പ്രത്യാശയും ഉണ്ട്.

അനേക കാര്യങ്ങൾ മനസ്സിലാക്കുവാൻ ഈ പാഠം നമ്മെ സഹായിക്കും: (1) ക്രിസ്ത്യാനികൾ പഴയ നിയമ കല്പനകൾ പ്രമാണിക്കാത്തതിന്റെ കാരണം; (2) ക്രിസ്ത്യാനികൾ ശനിയാഴ്ച്ച വിശ്രമിക്കാത്തതിന്റെ കാരണം; അതായതു., ശബ്ബത്തിൽ; (3) ആളുകൾ യേശുവിന്റെ മരണ ശേഷം പരിവർത്തനം ചെയ്തു ക്രിസ്ത്യാനികൾ ആകുന്നതിന്റെ കാരണം, (4) ക്രിസ്ത്യാനികൾ പുതിയ നിയമം വായിക്കേണ്ട കാരണവും അതുമൂലം എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കാമെന്നതിന്റെ കാരണവും.

[പാഠം ചുരുക്കി പറഞ്ഞശേഷം, അദ്ധ്യാപകൻ വിദ്യാർത്ഥിയോടു ന്യായപ്രമാണത്തെക്കുറിച്ചു എന്തു തോന്നുന്നു എന്നു ചോദിക്കുക; അയാൾ ന്യായപ്രമാണം മുഴുവൻ വായിച്ചു അതിലുള്ളതൊക്കെയും അനുസരിക്കുവാൻ പറഞ്ഞിരിക്കുന്നതു പരിഗണിക്കയും; പഴയ നിയമത്തിലും പുതിയ നിയമത്തിലും പാപമോചനത്തിനു വേണ്ടതെന്തെന്നു തിരിച്ചറിയുകയും ചെയ്തിരിക്കണം.

അദ്ധ്യാപകൻ പിന്നെ മറ്റൊരു പഠനം ഏർപ്പെടുത്തുക, അടുത്ത പാഠം പാപമോചനം പഴയ നിയമത്തിലും പുതിയ നിയമത്തിലും എന്നതായിരിക്കും എന്നും പറയുക.]

© 2009 Truth for Today